പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 163 **26-10-2026-ൽ മറുപടിയ്ക്ക്**

പി.എസ്.സി.യിലെ ക്രമക്കേട്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. ആര്യാടൻ ഷൗക്കത്ത്
ശ്രീ. എഫ്. രാജ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) പ്ലാനിംഗ് ബോർഡ് ചീഫ് തസ്തികയിലെ നിയമനം സംബന്ധിച്ച പരാതിക്ക് ശേഷം പി.എസ്.സി.യിലെ ക്രമക്കേട് സംബന്ധിച്ച് എത്ര പരാതികൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

മറുപടി: കേരള പി.എസ്.സി - യിലെ ക്രമക്കേട് സംബന്ധിച്ച് നാളിതുവരെ സംസ്ഥാന പോലീസ് മേധാവിക്ക് 180 പരാതികളും കൂടാതെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് മുഖേന ലഭ്യമായ 3 പരാതികൾ ക്രൈംബ്രാഞ്ച് മുഖേന അന്വേഷണം നടത്തുന്നതിനായി ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുള്ളതും, 5 പരാതികൾ കമ്മീഷന്റെ ആഭ്യന്തര വിജിലൻസ് മുഖേന അന്വേഷിക്കുന്നതിനായി കെ.പി.എസ്.സി - യ്ക്ക് കൈമാറി നൽകിയിട്ടുള്ളതുമാണ്. കൂടാതെ നിരവധി പരാതികൾ സി.എം.ഒ പോർട്ടൽ മുഖേന ലഭ്യമായിക്കൊണ്ടിരിക്കുന്നു.

(ബി) നിലവിലെ ചെയർമാന്റെയും അംഗങ്ങളുടെയും പങ്ക് ഈ ക്രമക്കേടുകളിൽ ഉണ്ടായിട്ടുണ്ടോ എന്ന് ഇതിനായി നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം പരിശോധിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

മറുപടി: നിലവിലെ കേരള പി.എസ്.സി ചെയർമാന്റെയും, അംഗങ്ങളുടേയും പങ്ക് സംബന്ധിച്ച് പരാതികളിൽ ആരോപിച്ചിട്ടുള്ള വിഷയങ്ങളിലും പരീക്ഷകളുടെ നടത്തിപ്പുമായി ഉയർന്നു വന്നിട്ടുള്ള ക്രമക്കേടുകളിലും വിശദമായ അന്വേഷണം നടന്നു വരുന്നു.

(സി) പി.എസ്.സി.യുടെ വിശ്വാസ്യത വീണ്ടെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: കേരള പബ്ലിക് സർവീസ് കമ്മീഷനിലെ പരീക്ഷാ ക്രമക്കേട് സംബന്ധിച്ച് ലഭ്യമായ പരാതികളിൽ അന്വേഷണം നടന്നു വരികയാണ്. ഇതിന്റെ തുടർ നടപടിയായി 1988 - ലെ അഴിമതി നിരോധന നിയമം സെക്ഷൻ 17 പ്രകാരമുള്ള അന്വേഷണം നടത്തുവാൻ ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് 08.07.2026 -ലെ സ.ഉ.(കൈ)നം.128/2026/ആഭ്യന്തരം നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ച് വിവിധ കാലഘട്ടങ്ങളിൽ പി.എസ്.സി നടത്തിയ പരീക്ഷകളുമായും, ഇന്റർവ്യൂകളുമായും, പരീക്ഷാ

മൂല്യനിർണ്ണയവുമായും ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് തെളിവുകൾ ശേഖരിച്ചും രേഖകൾ പരിശോധിച്ചും പരാതിക്കാർ ഉൾപ്പെടെയുള്ള സാക്ഷികളിൽ നിന്നും വിവരം ശേഖരിച്ചും ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്.

ഈ അന്വേഷണത്തിന്റെ അന്തിമ റിപ്പോർട്ട് കൂടി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ